**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1568** **19-01-2021 - ൽ മറുപടിയ്ക്ക്**

**കൊരട്ടിച്ചാൽ സംരക്ഷണ - നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിച്ചാൽ സംരക്ഷണ - നവീകരണ പ്രവൃത്തികൾ ഇനിയും പൂർത്തികരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആർ.കെ.വി.ഐ 2014-15 പദ്ധതിയിൽ ചാലക്കുടി ബ്ലോക്കിലെ കുളയിടം കൊരട്ടിച്ചാൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം എന്ന പ്രവൃത്തിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ അതിർത്തി തർക്കം മൂലം തുടങ്ങാനായില്ല. കൃഷിക്കാർ ജനുവരി മാസം വരെ കൃഷി നടത്തുന്നത് കൊണ്ട് കുറച്ച് മാസങ്ങൾ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ലഭിക്കുകയുള്ളൂ. ലെവൽ സർവ്വേ ജോലികൾ 2020 ഫെബ്രുവരിയിൽ ആരംഭിച്ചെങ്കിലും അതിർത്തി തർക്കം നിലനിൽക്കുന്നതിനാലും ചില കർഷകർ തോട് താഴ്ത്തേണ്ട സ്ഥലങ്ങളിൽ കൃഷിയിറക്കിയതിനാലും നിശ്ചിത സമയത്ത് പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല . |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കി പ്രോജക്ട് പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകളും, നടപടികളും സർക്കാർ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ബി) | ഇപ്പോഴും അതിർത്തി തർക്കം നിലനിൽക്കുന്നതിനാലും ചില കർഷകർ തോട് താഴ്ത്തേണ്ട സ്ഥലങ്ങളിൽ കൃഷിയിറക്കിയതിനാലും ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിലും ആയത് പരിഹരിക്കുവാൻ ശ്രമങ്ങൾ തുടർന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ